**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **28-07-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി താലൂക്കാശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ട്രോമകെയർ സംവിധാനം, രക്ത ബാങ്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് ആവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്തബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേയ്ക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ Hub & Spoke model ആണ് രക്ത ബാങ്കുകളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ച് വരുന്നത്. രക്തബാങ്കുകളിൽ ശേഖരിക്കപ്പെടുന്ന രക്തം 5 നിർബന്ധിത രക്ത പരിശോധനകൾക്ക് വിധേയമാക്കുകയും രക്ത ഘടകങ്ങളായി വേർതിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷിക്കുന്ന രക്തം രക്തസംഭരണ യൂണിറ്റുകളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്ന പ്രക്രിയയാണ് നിലവിൽ അനുവർത്തിച്ചുവരുന്നത്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് പ്രതി വർഷം 2000 യൂണിറ്റ് ആവശ്യമുള്ള ആശുപത്രിയിലാണ് രക്ത ബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളു. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് രക്ത ബാങ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ആശുപത്രി അധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്. |
| (ബി) | കരുനാഗപ്പള്ളി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യവകുപ്പ് തുടർന്ന് വരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ |

| | | | |
|---|---|---|---|
| | | | ഒരു ആശുപത്രിയെ താലൂക്ക് ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തി വരുന്നത്. കരുനാഗപ്പള്ളി ആശുപത്രിയെ താലൂക്ക് തല ആശുപത്രിയുടെ തലത്തിൽ സൗകര്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ